വിദ്യാർഥി പോരാളികളെ വരവേൽക്കാൻ ഇ എം എസിന്റെ ജന്മനാടൊരുങ്ങി

- 23ന് വൈകിട്ട് പൊതുസമ്മേളന നഗരിയിൽ പതാക ഉയരും
- പൊതുസമ്മേളനം 24ന് വൈകിട്ട് 4ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും
- പ്രതിനിധി സമ്മേളനം 25ന് രാവിലെ 10ന് രാം പുനിയാനി ഉദ്ഘാടനംചെയ്യും

സ്വന്തം ലേഖകൻ

പെരിന്തൽമണ്ണ

പൊരുതുന്ന വിദ്യാർഥി പ്രസ്ഥാനത്തിന്റെ കരുത്തുറ്റ പോരാളികളെ വരവേൽക്കാൻ ഇ എം എസിന്റെ നാട് ഒരുങ്ങി. എസ്എഫ്ഐ 34–ാം സംസ്ഥാന സമ്മേളനം 23 മുതൽ 27 വരെ ചരിത്രമുറങ്ങുന്ന പെരിന്തൽമണ്ണയുടെ മണ്ണിൽ നടക്കും. വിദ്യാർഥികളുടെ അവകാശപ്പോരാട്ടങ്ങളിൽ മുന്നണി പോരാളികളായിനിന്നവർ പെരിന്തൽമണ്ണയിൽ സംഗമിക്കും. കഴിഞ്ഞകാല പ്രവർത്തനങ്ങളെ വിലയിരുത്തി, വരുംകാല പോരാട്ടത്തിന് സമ്മേളനം രൂപംനൽകും.

24ന് വൈകിട്ട് നാലിന് അഭിമന്യു മഹാരാജാസ് നഗറിൽ (പെരിന്തൽമണ്ണ ഗവ. ബോയ്സ് സ്കൂൾ ഗ്രൗണ്ട്) നടക്കുന്ന പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും. എസ്എഫ്ഐ അഖിലേന്ത്യാ ജനറൽ സെക്രട്ടറി മയൂഖ് ബിശ്വാസ്, പ്രസിഡന്റ് വി പി സാനു എന്നിവർ സംസാരിക്കും.

ധീരജ്–പി ബിജു നഗറിൽ (ഏലംകുളം ഇ എം എസ് സമുച്ചയം) നടക്കുന്ന പ്രതിനിധി സമ്മേളനം 25ന് രാവിലെ പത്തിന് സാംസ്കാരിക ചിന്തകൻ രാം പുനിയാനി ഉദ്ഘാടനംചെയ്യും. ലക്ഷദ്വീപിൽനിന്നുള്ള രണ്ട് നിരീക്ഷക പ്രതിനിധികളടക്കം 452 പ്രതിനിധികളും 85 സംസ്ഥാന കമ്മിറ്റിയംഗങ്ങളുമടക്കം 537 പേർ സമ്മേളനത്തിൽ പങ്കെടുക്കും. 27ന് സമാപിക്കും.

കൊടിമര-ദീപശിഖ -പതാക ജാഥ

എസ്എഫ്ഐ സംസ്ഥാന സമ്മേളനത്തിന് തുടക്കംകുറിച്ച് 23ന് വൈകിട്ട് അഞ്ചിന് പൊതുസമ്മേളന നഗരിയായ അഭിമന്യു മഹാരാജാസ് നഗറിൽ (പെരിന്തൽമണ്ണ ഗവ. ബോയ്സ് സ്കൂൾ ഗ്രൗണ്ട്) സ്വാഗതസംഘം ചെയർമാൻ പി ശ്രീരാമകൃഷ്ണൻ പതാക ഉയർത്തും. കൊടിമര ജാഥ 21ന് കണ്ണൂരിലെ ധീരജ് രക്തസാക്ഷി മണ്ഡപത്തിൽനിന്ന് പര്യടനം ആരംഭിക്കും. എ പി അൻവീർ ക്യാപ്റ്റനും ജോബിസൺ ജയിംസ് മാനേജരുമാണ്.

ആദർശ് എം സജി ക്യാപ്റ്റനും അമൽ സോഹൻ മാനേജരുമായ ദീപശിഖാ ജാഥ 21ന് ആലപ്പുഴയിലെ ചാരുമൂട് അഭിമന്യു രക്തസാക്ഷി മണ്ഡപത്തിൽനിന്ന് പര്യടനം ആരംഭിക്കും. അഭിമന്യുവിന്റെ ഓർമകളിരമ്പുന്ന മഹാരാജാസ് കോളേജിൽനിന്ന് 22ന് പതാക ജാഥ ആരംഭിക്കും. അഡ്വ. ടി പി രഹന സബീന ക്യാപ്റ്റനും സി എസ് സംഗീത് മാനേജരുമാണ്. മൂന്ന് ജാഥകളും 23ന് വൈകിട്ട് അഞ്ചിന് പെരിന്തൽമണ്ണയിൽ സംഗമിക്കും.

ഇതിനുപുറമെ 23ന് രണ്ട് ഉപജാഥകൾ നടക്കും. രക്തസാക്ഷി സെയ്താലിയുടെ നാടായ പുലാമന്തോളിൽ പകൽ മൂന്നിന് ആരംഭിക്കുന്ന ഉപജാഥയുടെ ക്യാപ്റ്റൻ വി പി ശരത്പ്രസാദും മാനേജർ ടി അതുലുമാണ്. രകതസാക്ഷി മുഹമ്മദ് മുസ്തഫയുടെ നാടായ പെരിന്തൽമണ്ണ വലിയങ്ങാടിയിൽനിന്നാരംഭിക്കുന്ന ഉപജാഥയുടെ ക്യാപ്റ്റൻ കെ പി ഐശ്വര്യയും മാനേജർ എം എസ് ശരത്തുമാണ്.

25ന് വൈകിട്ട് അഞ്ചിന് മുൻ സംസ്ഥാന ഭാരവാഹികളുടെ സംഗമം നടക്കും. മുൻ അഖിലേന്ത്യാ പ്രസിഡന്റ് എ വിജയരാഘവൻ ഉദ്ഘാടനംചെയ്യും.

26ന് വൈകിട്ട് അഞ്ചിന് നടക്കുന്ന രക്തസാക്ഷി കുടുംബസംഗമം മുൻ സംസ്ഥാന സെക്രട്ടറി എ കെ ബാലൻ ഉദ്ഘാടനംചെയ്യും.

സമ്മേളനത്തിന്റെ ഭാഗമായി 20ന് പെരിന്തൽമണ്ണ ടൗൺ സ്ക്വയറിൽ (അഭിമന്യു ചാരുമൂട് നഗർ) സെമിനാർ നടക്കും. ദേശീയ വിദ്യാഭ്യാസനയം, ജനപക്ഷ വിദ്യാഭ്യാസത്തിന് മരണമണി എന്ന സെമിനാർ മന്ത്രി ആർ ബിന്ദു ഉദ്ഘാടനംചെയ്യും. എസ്എഫ്ഐ കേന്ദ്ര സെക്രട്ടറിയറ്റംഗം നിതീഷ് നാരായണൻ സംസാരിക്കും.

പെരിന്തൽമണ്ണ ടൗൺ സ്വയറിലെ സെയ്താലി–മുഹമ്മദ് മുസ്തഫ നഗറിൽ ചരിത്രപ്രദർശനവും പുസ്തകോത്സവും നടക്കും.

13 ഏരിയാതല സെമിനാർ പൂർത്തിയായി. കലിക്കറ്റ് സർവകലാശാല, മലയാള സർവകലാശാല, മഞ്ചേരി ഗവ. മെഡിക്കൽ കോളേജ്, ആയുർവേദ കോളേജ് എന്നിവിടങ്ങളിലും സെമിനാറുകൾ നടന്നു. പെരിന്തൽമണ്ണ ഏരിയയിലെ എല്ലാ ലോക്കലുകളിലും സെമിനാറുകൾക്ക് തുടക്കമായി. നിരവധി അനുബന്ധ പരിപാടികളും നടന്നുവരികയാണ്.

വലതുപക്ഷ മാധ്യമങ്ങളുടെ പൊതുബോധ നിർമിതി -സെമിനാർ ഇന്ന്

മലപ്പുറം

എസ്എഫ്ഐ സംസ്ഥാന സമ്മേളന ഭാഗമായി 'വലതുപക്ഷ മാധ്യമങ്ങളുടെ പൊതുബോധ നിർമിതി' വിഷയത്തിൽ എസ്എഫ്ഐ വണ്ടൂർ ഏരിയാ കമ്മിറ്റി വെള്ളിയാഴ്ച പകൽ മൂന്നിന് വണ്ടൂരിൽ സെമിനാർ സംഘടിപ്പിക്കും. ഡോ. പ്രേംകുമാർ ഉദ്ഘാടനംചെയ്യും. 'ഇന്ത്യൻ ഭരണഘടന നേരിടുന്ന വെല്ലുവിളികൾ' വിഷയത്തിൽ ഏലംകുളത്ത് സംഘടിപ്പിക്കുന്ന സെമിനാർ എൻ എൻ കൃഷ്ണദാസ് ഉദ്ഘാടനംചെയ്യും.

മെഡിക്കൽ ഓഫീസർ അഭിമുഖം

തിരൂർ

തിരൂർ ജില്ലാ ആശുപത്രിയിൽ മെഡിക്കൽ ഓഫീസർ തസ്തികയിൽ താൽക്കാലിക ഒഴിവിലേക്ക് ദിവസവേതനത്തിൽ അഭിമുഖം 13ന് രാവിലെ 10.30ന് ജില്ലാ ആശുപത്രിയിൽ നടക്കും. യോഗ്യത എംബിബിഎസ്.

നീന്തൽ പരിശീലനം

മലപ്പുറം

ഇസ്ലാഹിയ സ്കൂളിന്റെ ആഭിമുഖ്യത്തിൽ വിദ്യാർഥികൾക്കായി അവധിക്കാല നീന്തൽ പരിശീലനം ആരംഭിച്ചു. ഡോ. വി അഹമ്മദ് ഉദ്ഘാടനംചെയ്തു. വിജയൻ ആറങ്കോടന്റെ നേതൃത്വത്തിൽ നടക്കുന്ന ക്യാമ്പിൽ ഏത് സ്കൂളിലെ കുട്ടികൾക്കും പങ്കെടുക്കാം. ഫോൺ: 7902683566.

ആന്റിബയോട്ടിക് ബോധവൽക്കരണം

തിരൂർ

ആന്റിബയോട്ടിക് ഉപയോഗം നിയന്ത്രിക്കുന്നതിനായി ഡ്രഗ്സ് വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾതലംമുതൽ ബോധവൽക്കരണം ആരംഭിക്കുമെന്ന് സംസ്ഥാന ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ ഡോ. കെ സുജിത് കുമാർ പറഞ്ഞു. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംഘടിപ്പിച്ച 'ആന്റിബയോട്ടിക് സാക്ഷര കേരളം 2023 എന്ത്, എന്തിന്, എങ്ങനെ?' എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2023ഓടെ സംസ്ഥാനത്ത് ആന്റിബയോട്ടിക് സാക്ഷരത കൈവരിക്കുകയാണ് ലക്ഷ്യമെന്നും ഡോ. കെ സുജിത് കുമാർ വ്യക്തമാക്കി. സംസ്ഥാന സർക്കാരിന്റെ ഒന്നാംവാർഷിക ആഘോഷത്തോടനുബന്ധിച്ച് തിരൂർ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലാണ് സെമിനാർ നടത്തിയത്. കോഴിക്കോട് റീജ്യണൽ ഡ്രഗ്സ് ഇൻസ്പെക്ടർ ബെന്നി മാത്യു അധ്യക്ഷനായി. ആന്റിബയോട്ടിക് നൽകുന്ന പ്രവണത കൂടുകയാണെന്ന് ഡോ. ഷീല മാത്യു പറഞ്ഞു. ജില്ലാ ഡെപ്യൂട്ടി ഡിഎംഒ ഡോ. എ ഷിബുലാൽ, കോഴിക്കോട് അസി. ഡ്രഗ്സ് കൺട്രോളർ ഷാജി എം വർഗീസ്, ഷിജിൽ കുമാർ എന്നിവർ സംസാരിച്ചു. ജില്ലാ ഡ്രഗ്സ് ഇൻസ്പെക്ടർ ഡോ. എം സി നിഷിത് ചർച്ച നയിച്ചു. ഡോ. കെ സുജിത് കുമാർ പാനലിസ്റ്റുകൾക്ക് ഉപഹാരം നൽകി. ജില്ലാ ഡ്രഗ്സ് ഇൻസ്പെക്ടർ ടി എം അനസ് സ്വാഗതവും ജൂനിയർ സൂപ്രണ്ട് സി എം ദയാനിധി നന്ദിയും പറഞ്ഞു.

102 കുടുംബങ്ങൾകൂടി ഭൂമിക്ക് അവകാശികൾ

നിലമ്പൂർ

വർഷങ്ങളുടെ കാത്തിരിപ്പിന് വിരാമമിട്ട് ജില്ലയിലെ 102 കുടുംബങ്ങൾക്കുകൂടി പട്ടയം ലഭിച്ചു. ആഹ്ലാദാന്തരീക്ഷത്തിൽ റവന്യൂ മന്ത്രി കെ രാജൻ പട്ടയം വിതരണംചെയ്തു. സർക്കാരിന്റെ ഒന്നാംവാർഷികത്തോടനുബന്ധിച്ച് നൂറുദിന കർമ പരിപാടിയിലുൾപ്പെടുത്തി റവന്യൂ വകുപ്പിൽ 100 ദിനം 200 പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് പട്ടയമേള. നിലമ്പൂർ വ്യാപാര ഭവൻ ഓഡിറ്റോറിയത്തിലും മഞ്ചേരി ഹിൽട്ടൺ ഓഡിറ്റോറിയത്തിലുമായാണ് പട്ടയവിതരണം നടന്നത്. നിലമ്പൂരിൽ നടന്ന ചടങ്ങിൽ പി വി അൻവർ എംഎൽഎ അധ്യക്ഷനായി. 87 ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങളും 15 മിച്ചഭൂമി പട്ടയങ്ങളുമാണ് വിതരണംചെയ്തത്. അമരമ്പലം പഞ്ചായത്തിലെ 12 ജനറൽ കുടുംബങ്ങൾക്കും മൂന്ന് പട്ടികജാതി കുടുംബങ്ങൾക്കുമാണ് മിച്ചഭൂമി പട്ടയം ലഭിച്ചത്. പട്ടയത്തിൽ രണ്ട് ഏക്കർ 40 സെന്റാണ് മിച്ചഭൂമിയായി വിതരണംചെയ്തത്. പി കെ ബഷീർ എംഎൽഎ, പി വി അബ്ദുൾ വഹാബ് എംപി, കലക്ടർ വി ആർ പ്രേംകുമാർ, നഗരസഭാ ചെയർമാൻ മാട്ടുമ്മൽ സലീം എന്നിവർ പങ്കെടുത്തു.

ജില്ലയിൽ പട്ടയം ലഭിച്ചത് 10,136 പേർക്ക്

മഞ്ചേരി

ജില്ലയിൽ രണ്ട് ഘട്ടങ്ങളിലായി വിതരണംചെയ്തത് 10,136 പട്ടയങ്ങൾ. മഞ്ചേരി, നിലമ്പൂർ എന്നിവിടങ്ങളിലായി വ്യാഴാഴ്ച 102 പേർക്കുകൂടി പട്ടയം ലഭിച്ചു. ഒന്നാം ഘട്ടത്തിൽ 2061 പേർക്കും രണ്ടാം ഘട്ടിത്തിൽ 8075 പേർക്കുമാണ് പട്ടയം നൽകിയത്. നൂറുപേർക്ക് ഡിജിറ്റൽ പട്ടയവും വിതരണംചെയ്തു. നിലമ്പൂർ കൊണ്ടോട്ടി താലൂക്കുകളിലും പട്ടയവിതരണം നടന്നു. താലൂക്ക് അടിസ്ഥാനത്തിൽ നിലമ്പൂരിൽ– 123, ഏറനാട്– 350, പെരിന്തൽമണ്ണ– 250, കൊണ്ടോട്ടി– 160, ദേവസ്വം– 150 എന്നിങ്ങനെയാണ് വിതരണംചെയ്തത്. ഇതിൽ മിച്ചഭൂമി– 216, ലാൻഡ് ട്രിബ്യൂണൽ– 91, മിച്ചഭൂമി– 15, ദേവസ്വം വിഭാഗത്തിലും ഉൾപ്പെടും.

നിലമ്പൂർ വ്യാപാര ഭവനിൽ നടന്ന ജില്ലാതല പട്ടയമേള റവന്യൂ മന്ത്രി കെ രാജൻ ഉദ്ഘാടനംചെയ്യുന്നു

- ഇനി സമ്പൂർണ ഇ ഓഫീസ് ജില്ല

'ഇ' ഓഫീസിൽ റവന്യൂ രേഖകൾ ഭദ്രം

രണ്ട് ആർഡിഒ, ഏഴ് താലൂക്കുകൾ, 138 വില്ലേജ് ഓഫീസുകൾ, എട്ട് സ്പെഷ്യൽ റവന്യൂ ഓഫീസുകൾ എന്നിവ പൂർണമായും ഇ ഓഫീസ് സംവിധാനത്തിലേക്ക് മാറി

മഞ്ചേരി

ജില്ലയിലെ മുഴുവൻ റവന്യൂ ഓഫീസുകളും സമ്പൂർണമായി ഇ ഓഫീസ് സംവിധാനത്തിന് കീഴിലായി.

വായ്പാറപ്പടി ഹിൽട്ടൺ ഓഡിറ്റോറിയത്തിൽ റവന്യൂ മന്ത്രി കെ രാജൻ ഇ ഓഫീസ് ജില്ലയായി പ്രഖ്യാപിച്ചു. ഏറനാട്, പെരിന്തൽമണ്ണ, തിരൂരങ്ങാടി, കൊണ്ടോട്ടി താലൂക്കുകളുടെ എമർജൻസി ഓപറേഷൻ സെന്ററുകളുടെയും (ട്രിഇഒസി) പട്ടയമേളയും മന്ത്രി ഉദ്ഘാടനംചെയ്തു. ജില്ലയിൽ രണ്ട് ആർഡിഒ, ഏഴ് താലൂക്കുകൾ, 138 വില്ലേജ് ഓഫീസുകൾ, എട്ട് സ്പെഷ്യൽ റവന്യൂ ഓഫീസുകൾ എന്നിവ പൂർണമായും ഇ ഓഫീസ് സംവിധാനത്തിലേക്ക് മാറി. ഐടി മിഷന്റെയും എൻഐസിയുടെയും ജില്ലാ റവന്യൂ ഐടി സെല്ലിന്റെയും സഹകരണത്തോടെയാണ് ഇ ഓഫീസ് നടപ്പാക്കിയത്. ഫയൽ നീക്കത്തിന്റെ എല്ലാഘട്ടവും ഇനി ഇ ഓഫീസിന്റെ ഭാഗമാകും. സർക്കാർ ഉത്തരവുകൾ, ഫയൽ സ്റ്റാറ്റസ് തുടങ്ങിയ വിവരങ്ങൾ അനായാസം ഇ ഓഫീസിന്റെ വെബ് പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാകും. യു എ ലത്തീഫ് എംഎൽഎ അധ്യക്ഷനായി. ടി വി ഇബ്രാഹിം എംഎൽഎ, നഗരസഭാ ചെയർപേഴ്സൺ വി എം സുബൈദ, കൗൺസിലർ അഡ്വ. പ്രേമ രാജീവ്, സിപിഐ ജില്ലാ സെക്രട്ടറി പി കെ കൃഷ്ണദാസ് എന്നിവർ പങ്കെടുത്തു. കലക്ടർ വി ആർ പ്രേംകുമാർ സ്വാഗതവും എഡിഎം എൻ എം മെഹറലി നന്ദിയും പറഞ്ഞു.

അന്നമൂട്ടിയ ഭൂമി ഇനി കുഞ്ഞിക്കും പിറുങ്ങയ്ക്കും സ്വന്തം

നിലമ്പൂർ

'ഞങ്ങക്ക് രണ്ടാക്കും കുടിയും സ്ഥലോം കിട്ടി, സ്ഥലത്തിനിപ്പോ പട്ടയോം കിട്ടി. വയസ്സായപ്പോഴാണ് കിട്ടിയതെങ്കിലും വല്യ സന്തോഷം'. ഈ വാക്കുകളിലുണ്ട് പട്ടയം കിട്ടിയ കുഞ്ഞിയുടെയും പിറുങ്ങയുടെയും സന്തോഷം. പ്രായാധിക്യത്തിലും വേദിയിൽ കയറിയ കുഞ്ഞിയേയും പിറുങ്ങയേയും ചേർത്തുപിടിച്ച് മന്ത്രി കെ രാജൻ പട്ടയം കൈമാറിയപ്പോൾ ഇരുവരുടെയും കണ്ണിൽ സന്തോഷത്തിന്റെ നീർത്തുള്ളികൾ.

75 വയസുകാരിയായ അമരമ്പലം പുതിയകളത്തെ 11 സെന്റ് മിച്ചഭൂമിയുടെ പട്ടയമാണ് നറുക്കിൽ പിറുങ്ങ ഏറ്റുവാങ്ങിയത്. മിച്ചഭൂമിയിൽ കഴിയുമ്പോഴാണ് പിറുങ്ങയ്ക്ക് സർക്കാർ ലൈഫിൽ വീട് നിർമിച്ചുനൽകിയത്. വീടിനൊപ്പം പിറുങ്ങയ്ക്ക് പട്ടയം കൂടി ലഭിച്ചു. 70 വയസുകാരിയായ പുതിയകളത്തെ പരേതനായ അരിമ്പ്ര വെളുത്തയുടെ ഭാര്യ കുഞ്ഞിയുടെ 17 സെന്റ് മിച്ചഭൂമിക്കാണ് സർക്കാർ പട്ടയം നൽകിയത്. നിർമാണം പകുതി വഴിയിൽ നിലച്ച കുഞ്ഞിയുടെ വീടുപണി ലൈഫ് മിഷനിലൂടെയാണ് പൂർത്തികരിച്ചത്. സർക്കാരിനോട് ഒരുപാട് നന്ദിയുണ്ടെന്നും കുഞ്ഞി പറഞ്ഞു.

പട്ടയമേളയിൽ മിച്ചഭൂമിക്ക് പട്ടയം ലഭിച്ച അമരമ്പലം പുതിയകളത്തെ നറുക്കിൽ പിറുങ്ങയും അരിമ്പ്ര കുഞ്ഞിയും മന്ത്രി കെ രാജനും പി വി അൻവർ എംഎൽഎയ്ക്കുമൊപ്പം

ഇനി പട്ടയവും ഡിജിറ്റൽ

മഞ്ചേരി

റവന്യൂ വകുപ്പ് സേവനങ്ങൾ പൂർണമായും ഡിജിറ്റലൈസേഷൻ പദ്ധതിയിലേക്ക് മാറുന്നതിനുള്ള ചുവടുവയ്പിന് ഊർജമേകി ഡിജിറ്റൽ പട്ടയ വിതരണം. കാടാമ്പുഴ മേൽമുറി പുല്ലാട്ടിൽ കുഞ്ഞിമരക്കാറാണ് സംസ്ഥാനത്ത് ആദ്യമായി ഇ പട്ടയം സ്വന്തമാക്കിയത്. മഞ്ചേരി ഹിൽട്ടൺ ഓഡിറ്റോറിയത്തിൽ മന്ത്രി കെ രാജനാണ് പട്ടയം കൈമാറിയത്. മഞ്ചേരി, തിരൂർ, താനൂർ, ദേവസ്വം ട്രിബ്യൂണലുകളിലായി 25 പേർക്കുവീതം നൂറുപേർക്കാണ് ഡിജിറ്റൽ ഇ പട്ടയം വിതരണംചെയ്തത്. സംസ്ഥാനത്ത് ഇതാദ്യമായാണ് ഇ പട്ടയം നൽകുന്നത്. പ്രിന്റ് രൂപത്തിലുള്ള രേഖകൾ കാലഹരണപെട്ടുപോയാൽ വീണ്ടെടുക്കുന്നത് ശ്രമകരമായ ജോലിയായിരുന്നു. ഇത് പതിനായിരങ്ങളെയാണ് ദുരിതത്തിലാക്കിയത്. ഇ പട്ടയം കാലത്തെ അതിജീവിക്കുന്നതുകൊണ്ട് രേഖകൾ കാലങ്ങളോളം ഡിജിറ്റലായി സൂക്ഷിക്കാമെന്നതാണ് പ്രത്യേകത. ക്യുആർ കോഡ് സ്കാൻ ചെയ്ത് എപ്പോൾ വേണമെങ്കിലും ഗുണഭോക്താവിന് പട്ടയത്തിന്റെ പകർപ്പ് പ്രിന്റ് ചെയ്ത് എടുക്കാനാകും.

എന്താണ് ഇ പട്ടയം

സോഫ്റ്റ് വെയർ അധിഷ്ഠിതമായി ഡിജിറ്റലായി നൽകുന്ന പട്ടയമാണ് ഇ പട്ടയം. പട്ടയങ്ങളുടെ വിവരങ്ങൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ നഷ്ടപ്പെടാത്ത രീതിയിൽ സംരക്ഷിക്കും. ക്യു ആർ കോഡും ഡിജിറ്റൽ സിഗ്നേച്ചറുമുള്ള പട്ടയങ്ങളാണ് റവന്യൂ വകുപ്പ് വിതരണം ചെയ്യുന്നത്. പട്ടയങ്ങളുടെ ആധികാരികത ക്യു ആർ കോഡ് വഴി പരിശോധിച്ച് ഉറപ്പാക്കാം. നിലവിൽ പേപ്പറിൽ അച്ചടിച്ച പട്ടയങ്ങളാണ് വിതരണം ചെയ്തിരുന്നത്. ഇത്തരത്തിലുള്ള പട്ടയം നഷ്ടപ്പെട്ടാൽ അതിന്റെ പകർപ്പെടുക്കാൻ ബുദ്ധിമുട്ടായിരുന്നു. റവന്യൂ ഓഫീസുകളിൽ പട്ടയ ഫയലുകൾ ഒരു പ്രത്യേക കാലയളവ് മാത്രമേ സൂക്ഷിക്കുന്നുള്ളൂ. പട്ടയ ഫയലുകൾ നഷ്ടപ്പെടുന്ന സാഹചര്യവും ഉണ്ട്. ഇത്തരം സാഹചര്യങ്ങളിൽ പട്ടയ രേഖകൾ കണ്ടെത്തി പകർപ്പുകൾ ലഭിക്കാത്തത് വലിയ ബുദ്ധിമുട്ടുകൾക്കും പരാതിക്കും ഇടയാക്കുന്നുണ്ട്. ഇതിനുള്ള പരിഹാരമാണ് ഇ പട്ടയം.

സംസ്ഥാനത്ത് ആദ്യമായി ഇ പട്ടയം സ്വന്തമാക്കിയ കുഞ്ഞിമരക്കാർ

Oushadhi
The Pharmaceutical Corporation (I.M.) Kerala Ltd.
(A Govt. of Kerala Undertaking)
Kuttanellur, Thrissur-14.
Ph: 0487- 2459807, 2459841, 2459854
ഇ–ദർഘാസ് പരസ്യം
P1/77/2022-23 13.5.2022
ഔഷധിയിലെ ബോയിലറിലേക്ക് 3000 ടൺ വിറക് (Mixed Fire Wood) വിതരണം ചെയ്യുന്നതിന് ഇ-ദർഘാസ് ക്ഷണിക്കുന്നു. ഫോറം www.etenders.kerala.gov.inൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.oushadhi.org സന്ദർശിക്കുകയോ, മേൽപറഞ്ഞ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്. (ഒപ്പ്)
മാനേജിംഗ് ഡയറക്ടർ

അന്താരാഷ്ട്ര നഴ്സസ് ദിനം ആചരിച്ചു

ജില്ലാ നഴ്സസ് വാരാഘോഷത്തിന് സമാപനംകുറിച്ച് മലപ്പുറം ടൗൺ ഹാളിൽ നഴ്സുമാരും വിദ്യാർഥികളും ദീപം തെളിച്ച് സത്യപ്രതിജ്ഞയെടുക്കുന്നു

മലപ്പുറം

അന്താരാഷ്ട്ര നഴ്സസ് ദിനം ജില്ലാ നഴ്സസ് ആൻഡ് പബ്ലിക് ഹെൽത്ത് നഴ്സസ് നേതൃത്വത്തിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. വാരാഘോഷ പരിപാടികളുടെ സമാപനം മലപ്പുറം ടൗൺഹാളിൽ പി ഉബൈദുള്ള എംഎൽഎ ഉദ്ഘാടനംചെയ്തു. ജില്ലാ നഴ്സിങ് ഓഫീസർ പി നളിനി അധ്യക്ഷയായി. ആധുനിക നഴ്സിങ്ങിന്റെ ഉപജ്ഞാതാവായ ഫ്ലോറൻസ് നൈറ്റിംഗേലിന്റെ സേവനം ഓർമപ്പെടുത്തി നഴ്സുമാർ ദീപം തെളിച്ച് പ്രതിജ്ഞയെടുത്തു. നഴ്സിങ് വിദ്യാർഥികളും പങ്കെടുത്തു. മലപ്പുറം താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. അലിഖർ ബാബു, പെരിന്തൽമണ്ണ ഇ എം എസ് സ്മൂൾ ഓഫ് നഴ്സിങ് പ്രിൻസിപ്പൽ പുഷ്പ ലാസർ, കെപിഎം നഴ്സിങ് സ്കൂൾ പ്രിൻസിപ്പൽ ആർ മുരുകൻ, പെരിന്തൽമണ്ണ ഇഎംഎസ് കോളേജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ പൂജാ കെ മേനോൻ, മഞ്ചേരി ഗവ. സ്കൂൾ ഓഫ് നേഴ്സിങ് പ്രിൻസിപ്പൽ ഒ ഷിജ, ആർ ആർ തീർഥ (എംഇഎസ് സ്കൂൾ ഓഫ് നേഴ്സിങ്), കെജിഎൻഎ സംസ്ഥാന പ്രസിഡന്റ് സി ടി നുസൈബ, കെജിഎസ്എൻഎ ജില്ലാ ജോ. സെക്രട്ടറി ഷാനിക് എന്നിവർ സംസാരിച്ചു. ഐശ്വര്യ സദാനന്ദൻ സ്വാഗതവും മഞ്ചേരി ഗവ. ജനറൽ ആശുപത്രി ചീഫ് നേഴ്സിങ് ഓഫീസർ ദേവയാനി കല്ലേൻ നന്ദിയും പറഞ്ഞു. വാരാഘോഷ ഭാഗമായി നഴ്സസ് ആൻഡ് പബ്ലിക് ഹെൽത്ത് നഴ്സസ് നേതൃത്വത്തിൽ ജില്ലയിൽ രചന–കല–ക്വിസ്–കായിക മത്സരം, ചാരിറ്റി പ്രവർത്തനം എന്നിവ നടത്തി.

ആര്യവൈദ്യശാലയുടെ സൗജന്യ സേവനം അട്ടപ്പാടിയിലും

മലപ്പുറം

കോട്ടക്കൽ ആര്യവൈദ്യശാലയുടെ സൗജന്യ രോഗീസേവനം അട്ടപ്പാടിയിലെ ആദിവാസികൾക്കും അശരണർക്കും ലഭ്യമാക്കുന്ന പദ്ധതിക്ക് തുടക്കമായി. അട്ടപ്പാടി സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

അട്ടപ്പാടി മൂലക്കട ആദിവാസി കോളനിയിൽ നടന്ന ചടങ്ങിൽ ഷോളയൂർ പഞ്ചായത്ത് പ്രസിഡന്റ് പി രാമമൂർത്തി പദ്ധതി ഉദ്ഘാടനംചെയ്തു. വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഡി രവി അധ്യക്ഷനായി.

കോട്ടക്കൽ ആര്യവൈദ്യശാല ചാരിറ്റബിൾ ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. കെ ലേഖ, വിവേകാനന്ദ മെഡിക്കൽ മിഷൻ ചീഫ് മെഡിക്കൽ ഓഫീസർ ഡോ. വി നാരായണൻ, ട്രസ്റ്റ് സെക്രട്ടറി സജിമോൻ, വാർഡ് മെമ്പർ രാധ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഷാജു, അജേഷ് ടി കൈപ്പനാൽ, ചാരിറ്റബിൾ ഹോസ്പിറ്റൽ സീനിയർ മാനേജർ അഡ്മിനിസ്ട്രേഷൻ പി പി രാജൻ എന്നിവർ സംസാരിച്ചു.

കോട്ടക്കൽ ആര്യവൈദ്യശാല അട്ടപ്പാടിയിൽ നടപ്പാക്കുന്ന സൗജന്യ രോഗീസേവന പദ്ധതി ഷോളയൂർ പഞ്ചായത്ത് പ്രസിഡന്റ് പി രാമമൂർത്തി ഉദ്ഘാടനംചെയ്യുന്നു

തത്തമ്മ
കുട്ടികളുടെ ദൈവാരിക
പള്ളിക്കുന്ന് പി ഒ, കണ്ണൂർ
ഫോൺ: 0497 2746 906

വൃക്ക ആവശ്യമുണ്ട്
A അല്ലങ്കിൽ O ഗ്രൂപ്പിൽപ്പെട്ട വൃക്ക ഉടൻ ആവശ്യമുണ്ട് ബന്ധപ്പെടുക
ഫോൺ: 8590361381

Weds Today
(13.05.2022)
NIDHIN
S/o. Late K.K. Ramachandran
& T.P. Satheedevi
Alampally House, Sahrudhya Nagar
Melakkam, Manjeri
KARTHIKA
D/o. Mr. K.K. Venukumar
(Deshabhimani Agent)
& Mrs. Sheeja Ambadi
'Theertham' Thodayam, Thiruvali P.O.
Malappuram
അഭിവാദ്യങ്ങളോടെ...
ദേശാഭിമാനി മലപ്പുറം